LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 3, വ്യാഴം

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2005 ഫെബ്രുവരി മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തെറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ഓർഡർ..... ചോദ്യം നമ്പർ 90.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

*1 [90] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എറണാകുളത്തുവച്ച് നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി എത്ര വ്യവസായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്രയാളുകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ,

(എ ആന്റ് ബി) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ധാരണാപത്രം ഒപ്പുവച്ച 216 കോടി 95 ലക്ഷം രൂപയുടെ 14 വ്യവസായ സംരംഭങ്ങൾ ഇതിനകം പ്രവർത്തനം ആരംഭിച്ചു. കൂടാതെ ജിം-നെത്തുടർന്ന് സംസ്ഥാനത്തുണ്ടായ വ്യവസായ സൗഹൃദ

അന്തരീക്ഷത്തിന്റെ ഫലമായി 196 കോടി രൂപ മുതൽമുടക്കുള്ള 11 പദ്ധതികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജിം-ൽ ധാരണയായ 2600 കോടി രൂപയുടെ കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിയുൾപ്പെടെ 3140 കോടി രൂപ മുതൽമുടക്കു വരുന്ന 25 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിനുപുറമെ പ്രധാനമന്ത്രി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ വല്ലാർപാടം പദ്ധതിക്കും 7600 കോടി രൂപയുടെ കായംകുളം തെർമ്മൽ പ്ലാന്റിന്റെ വികസന പദ്ധതിക്കും 1600 കോടി രൂപയുടെ കൊച്ചിയിലെ എൽ. എൻ. ജി. പദ്ധതിക്കും അനുമതിയായിട്ടുണ്ട്. ഇൻഫോസിസ്, വിപ്രോ, അലയൻസ് കോൺഹിൽ, ഏണസ്റ്റ് ആന്റ് യങ്, എ. സി. എസ്. തുടങ്ങിയ പ്രമുഖ ഐ. ടി. കമ്പനികളും സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അങ്ങനെ സംസ്ഥാനത്ത് ജിം-ന്റെ ഫലമായി ഏകദേശം 15,000 കോടിയിൽപ്പരം രൂപയുടെ നിക്ഷേപ പദ്ധതികൾ ഉറപ്പായികഴിഞ്ഞിട്ടുണ്ട്.

(സി) ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനം ആരംഭിച്ച 14 പദ്ധതികൾമൂലം 1777 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എൻ. രാജൻബാബു:</u> ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെത്തുടർന്ന് ഇനിയും ഏതൊക്കെ വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:</u> 14 പ്രോജക്ടുകളാണ് ഇപ്പോൾ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ പ്രവർത്തനമാരംഭിച്ചത്. ഇൻവെസ്റ്റേഴ്സ് മീറ്റ് കഴിഞ്ഞശേഷം 11 പദ്ധതികൾകൂടി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. 25 പദ്ധതികളാണ് പൈപ്പ് ലൈനിലുള്ളത്.

<u>ശ്രീ. എ. എൻ. രാജൻബാബു:</u> ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെത്തുടർന്ന് എറണാകുളത്ത് ബിസിനസ് ടു ബിസിനസ് മീറ്റ് നടത്തി. അതിനെതുടർന്ന് ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ടെന്നും, ഇനി ഏതൊക്കെ വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:</u> എറണാകുളത്ത് നടന്ന ബിസിനസ് ടു ബിസിനസ് മീറ്റ് മുഖ്യമായും ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. അതിൽ പ്രധാനമായിട്ടും ചെറുകിട വ്യവസായങ്ങൾക്ക് മാർക്കറ്റിംഗ് സംബന്ധിച്ചുള്ള ഡിഫിക്കൽറ്റീസ് പരിഹരിക്കാനാണ് ശ്രമിച്ചത്. അതിൽ ഉദ്ദേശിച്ച ഫലം കണ്ടെത്തിയിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വലിയ പ്രതീക്ഷയോടുകൂടി നടത്തിയ പദ്ധതിയായിരുന്നു. അത് പ്രഖ്യാപിച്ചപ്പോൾ നൂറിൽപ്പരം കോടി രൂപയുടെ പദ്ധതിമാത്രമേ ഇവിടെ പ്രാവർത്തികമായിട്ടുള്ളൂ. ഇനി 15000-ത്തിൽപ്പരം കോടി രൂപയുടെ പദ്ധതി പ്രതീക്ഷയുമായി നമ്മൾ കാത്തിരിക്കുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഒരു പ്രധാന ആകർഷകത്വമെന്നു പറയുന്നത് അന്ന് ധാരണയുണ്ടാക്കുന്ന പദ്ധതികൾക്കെല്ലാം 90 ദിവസംകൊണ്ട് എൻ. ഒ. സി. കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. എത്ര പദ്ധതികൾക്കാണ് 90 ദിവസംകൊണ്ട് എൻ. ഒ. സി. കൊടുക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: 90 ദിവസംകൊണ്ട് 14 പദ്ധതികൾക്ക് എൻ. ഒ. സി. കൊടുത്തു. ആ 14 പദ്ധതികളും പൂർത്തിയായിക്കഴിഞ്ഞു.

ശ്രീ. പി. പി. ജോർജ്ജ്: ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ടൈം ബൗണ്ട് പ്രോഗ്രാം അനുസരിച്ച് നേടാൻ കഴിഞ്ഞിട്ടുണ്ടോയെന്നും ഈ ധാരണാപത്രം ഒപ്പുവച്ചിട്ട് പിൻമാറിയതിന് കാരണമെന്താണെന്ന് അന്വേഷിച്ച് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: പല കാരണങ്ങൾകൊണ്ടാണ് ധാരണാപത്രം ഒപ്പുവച്ചശേഷം പിൻമാറിയത്. ആ കാരണങ്ങളെപ്പറ്റി ഗവൺമെന്റ് പഠിക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് ഗവൺമെന്റ് ഫോളോ അപ്പ് നടത്തുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: പൂർത്തിയാക്കി എന്നു പറഞ്ഞതും പൂർത്തിയാക്കാൻ സാധ്യതാ ലിസ്റ്റിലുള്ളതുമായ കുറേ പദ്ധതികൾ അങ്ങ് ഇവിടെ പ്രഖ്യാപിച്ചു. പൂർത്തിയാക്കിയ പദ്ധതികളിൽ അവരുമായി ഒപ്പുവച്ച ധാരണാപത്രത്തിൽ എന്തൊക്കെ ഇളവുകളാണ് പ്രത്യേകമായി അനുവദിച്ചിട്ടുള്ളത്; വലിയ ഇൻവെസ്റ്റ്മെന്റുള്ള പദ്ധതികൾ തുടങ്ങാൻ പോകുന്നതിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ഇളവുകൾ നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ 'സ്മാർട്ട് സിറ്റി' ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഒപ്പുവയ്ക്കുന്ന കരാറിൽ ഐ. ടി. നയവുമായി ബന്ധപ്പെട്ട കുറേ ഇളവുകൾ ചെയ്യുന്നതിന്റെ കണക്കുകൾ പറയുകയുണ്ടായി. ആ അടിസ്ഥാനത്തിൽ എന്തൊക്കെ ഇളവുകളാണ് ഈ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകിയിട്ടുള്ളത്, ഇനി നൽകാൻ പോകുന്നത് എന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: 25 കോടി രൂപ മുതൽമുടക്കുന്ന ഒരു വ്യവസായിയെ സ്വന്തം അതിഥിയായി ട്രീറ്റ് ചെയ്യാനുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഇൻഡസ്ട്രിയൽ പ്രൊമോഷൻ ബോർഡിൽ ആ വ്യവസായി അപ്ലൈ ചെയ്തിട്ടുണ്ടെങ്കിൽ സിംഗിൾ വിന്റോ സ്കീമിൽ അവരുടെ എല്ലാ നടപടികളും പൂർത്തിയാക്കി ആ വ്യവസായം തുടങ്ങാനുള്ള എല്ലാ സഹായവും ചെയ്യും. അത് ടൈം ബൗണ്ടായി ചെയ്യാനുള്ള നടപടികൾ ആരംഭിച്ചുവരുന്നു; ഉടൻതന്നെ പ്രാവർത്തികമാക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിക്കഴിഞ്ഞശേഷവും കേരളത്തിലെ വ്യാവസായിക മംഗത്ത് സൗഹാർദ്ദ അന്തരീക്ഷം തകർക്കാൻ വളരെ ശക്തമായ ശ്രമങ്ങൾ പല ഭാഗങ്ങളിൽനിന്നുമുണ്ടായിട്ടും കുറഞ്ഞ കാലയളവിനുള്ളിൽ സുമാർ 15,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉറപ്പായിക്കഴിഞ്ഞ സ്ഥിതിക്ക്, ഈ പ്രവൃത്തികൾക്ക് ഒന്നുകൂടി തുടർ നടപടികളുമായി മുന്നോട്ടുപോയി, നേരത്തെ മുതൽ മുടക്കാമെന്നുപറഞ്ഞ് പിൻമാറിപ്പോയ ആളുകളുൾപ്പെടെയുള്ളവരെ തിരിച്ചുകൊണ്ടുവരാനും മൂലധനം ആകർഷിക്കാൻ സഹായകരമായ പ്രയത്നം കൂടുതൽ ശക്തമായി നടത്താനും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു; അതിന്റെ ഫോളോ അപ് ഉടനേ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത് കോയ: ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ എം. ഒ. യു. ഒപ്പുവച്ചിട്ടും പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമായി പറയുന്നത് തൊഴിലാളി യൂണിയനും പ്രതിപക്ഷവുമൊക്കെ കുഴപ്പമുണ്ടാക്കുന്നു എന്നാണ്. ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഹാരിസൺ കമ്പനി എം. ഒ. യു. ഒപ്പിട്ടിരുന്നു. അവരാണെങ്കിൽ പ്രവൃത്തി നടത്താൻ വളരെ തൽപ്പരരാണ്. പക്ഷെ രണ്ടുവർഷം കഴിഞ്ഞിട്ടും അതിന്റെ പ്രവൃത്തി എവിടെയും എത്തിയിട്ടില്ല. അതിനെന്താണ് കാരണം; അതെപ്പോൾ നടക്കുമെന്ന് അറിയിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ജിം-ൽ വന്ന ഒരു പദ്ധതിയാണ് ബേപ്പൂർ തുറമുഖത്തിന്റെ വികസനം. അതിന്റെ പ്രമോട്ടറുമായിട്ടുള്ള ചർച്ച വഴിമുട്ടി നിൽക്കുകയാണ്. ചർച്ച പുനഃരാരംഭിക്കാൻ ശ്രമിക്കാം.

ഡോ. എം. എ. കുട്ടപ്പൻ: ഇൻവെസ്റ്റേഴ്സ് മീറ്റിൽ ധാരണാപത്രം ഒപ്പുവച്ച എല്ലാവരും തങ്ങളുടെ പ്രവൃത്തി തുടങ്ങിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അതിൽനിന്ന് അവരെ പിൻതിരിപ്പിക്കാൻ ചില പ്രേരകഘടകങ്ങൾ ഉണ്ടായിട്ടുണ്ട്. ആ പ്രേരക ഘടകങ്ങൾ എന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; അതിൽ അവരുടെ ആശങ്കയകറ്റി എല്ലാവരേയും മൂലധന നിക്ഷേപത്തിന് പ്രേരിപ്പിക്കാൻ ഗവൺമെന്റ് എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: മൂലധന നിക്ഷേപത്തിന് സൗഹൃദപരമായ അന്തരീക്ഷം ഉണ്ടായേ മതിയാകൂ. സ്വാഭാവികമായും നമ്മുടെ മീഡിയകളും രാഷ്ട്രീയപാർട്ടികളും മറ്റു സംഘടനകളും തൊഴിലാളി യൂണിയനുകളുമെല്ലാം ആ കാര്യത്തിൽ ധാരണയുണ്ടാക്കണം. വാസ്തവത്തിൽ ട്രേഡ് യൂണിയനുകൾ വളരെ നല്ല സൗഹൃദാന്തരീക്ഷമാണ് ഈ കാര്യത്തിൽ പുലർത്തിയിട്ടുള്ളതെന്ന കാര്യം പ്രത്യേകം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഇതിന് മറ്റു ചില കാരണങ്ങളാണ് തടസ്സമായിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞത് 90 ദിവസത്തിനകം അഥവാ മൂന്നുമാസത്തിനകം 14 പദ്ധതികൾക്ക് അനുവാദം കൊടുക്കുമെന്നാണ്. എന്നാൽ 1-7-2004-ന് നക്ഷത്രചിഹ്നമിടാത്ത 455-ാം നമ്പർ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുള്ളത് 'ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെയുള്ള 90 ദിവസങ്ങളിൽ അനുമതിയൊന്നും ആയിട്ടില്ല. 2003 ഏപ്രിൽ മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് വഴി പുതുതായി നൽകിയ അനുമതിയെ സംബന്ധിച്ച വിശദാംശം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു' എന്നാണ്. 90 ദിവസത്തിനകം പ്രത്യേകം ചാനലൈസ് ചെയ്ത് വിവിധ സ്കീമുകൾക്ക് അനുമതികൊടുക്കണമെന്നുള്ള കാര്യം യാഥാർത്ഥ്യമായിട്ടില്ല എന്നുള്ളതാണ് മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. ഇപ്പോഴും ക്ലിയറൻസ് കൊടുക്കുന്നതിന് വ്യവസായ വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത് എന്നതുകൊണ്ടല്ലേ പുതിയ വ്യവസായികൾ ഇങ്ങോട്ട് വരുന്നതിന് തടസ്സമായിട്ടുള്ളത്; അതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: അതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ വ്യക്തമാക്കിയത്. 25 കോടി രൂപ മുതൽമുടക്കുന്ന വ്യവസായത്തിന് മുന്തിയ പരിഗണന നൽകാനും Single Window Scheme-ൽ ഉൾപ്പെടുത്തി അതിന്റെ നടപടിക്രമങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: Global Investors Meet-ൽ വ്യവസായ സംരംഭം ആരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചവർ എന്തെങ്കിലും കാരണവശാൽ അതിൽനിന്ന് പിൻവാങ്ങുകയും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ അവരുടെ സംരംഭം ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; Reliance Group ഏതാണ്ട് 1000 കോടിരൂപ കേരളത്തിൽ നിക്ഷേപിക്കുമെന്ന് പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: Reliance-ന്റെ ഉടമ ജിം-ൽ പങ്കെടുത്ത ആളാണ്. പക്ഷേ കേരളത്തിൽ വരാതിരിക്കുന്നതിനുള്ള കാരണം വ്യക്തമായിട്ടൊന്നും അവർ ഇതേവരെ പറഞ്ഞിട്ടില്ല. അതിന്റെ കാരണങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പഠിച്ചുവരികയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, 1-7-2004-ലെ Unstarred Question Number 463-ഉം 15-7-2004-ലെ Unstarred Question Number 2129-ഉം ആണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ രണ്ടു ചോദ്യങ്ങൾക്കും അന്ന് ഉത്തരം നൽകിയത് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു. കേരളത്തിലെ Gim Project മൊത്തം ചെലവഴിച്ച തുക 165.75 കോടി രൂപയാണ്. ആകെ 13 പ്രോജക്ടുകളാണുള്ളത്. അതിലെ മൊത്തം തൊഴിലാളികൾ 857 ആണ്. 857 തൊഴിലാളികൾക്ക് തൊഴിൽകൊടുക്കുന്ന 165 കോടി രൂപയ്ക്കുള്ള 13 പ്രോജക്ടുകൾ ഇവിടെ നടപ്പിലാക്കുന്നതിന് ജിം പ്രചരണത്തിനുവേണ്ടി ചെലവഴിച്ചത് 5,52,58,534 രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രി സത്യസന്ധമായി ഒരു കാര്യം പറഞ്ഞു. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നതിന് തൊഴിലാളികളല്ല ഉത്തരവാദികളെന്ന്. ഞാൻ വരുന്നത് ഒരു വ്യവസായ ജില്ലയായ പാലക്കാട്ടുനിന്നാണ്. അവിടെ 158 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. 12,000 തൊഴിലാളികൾക്ക് പണിയില്ലാതായി. ടാറ്റയും, ബി. പി. എൽ.-ഉം അടച്ചുപൂട്ടി. എന്താണ് കാരണം? തൊഴിലാളികളല്ല കുഴപ്പക്കാർ എന്നു പറഞ്ഞു. പിന്നെ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റെ പിന്നിലുള്ള കാരണമെന്താണെന്ന് സ്പെസിഫിക്കായി ബഹുമാനപ്പെട്ട വകുപ്പു മന്ത്രിക്ക് പറയാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: ജിമ്മിന്റെ പബ്ലിസിറ്റിക്കുവേണ്ടി 5 കോടിയിലധികം രൂപ ചെലവഴിച്ചുവെന്നു പറഞ്ഞത് ശരിയല്ല. ജിമ്മിന്റെ ആകെ ചെലവ് 5,46,45050 രൂപയാണ്. അപ്പോൾ പ്രചരണത്തിനുവേണ്ടി 5 കോടി രൂപ ചെലവഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വെന്നു പറഞ്ഞത് യാഥാർത്ഥ്യത്തിനു നിരക്കാത്തതാണ്. പാലക്കാട് വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിന്റെ പ്രധാന കാരണം ടെക്നോളജി സമയാസമയത്ത് upgrade ചെയ്യാതിരിക്കുന്നതിനാലാണ്. ആ കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കണം.

ശ്രീ. പി. ടി. തോമസ്: ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്ന് തെറ്റായിട്ടാണ് ഇതിൽ പ്രിന്റ് ചെയ്തിരിക്കുന്നത്. അത് തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ unstarred question-ൽ 'അംഗനവാടികൾ' എന്നാണ് കൊടുത്തിരിക്കുന്നത്. 'അംഗൻവാടി' എന്നതാണ് ശരി. ഇത് തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി വമ്പിച്ച മൽസരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പശ്ചിമ ബംഗാൾ അടക്കമുള്ള ഇന്ത്യയിലെ ആറേഴ് സംസ്ഥാനങ്ങൾ എല്ലാ ആനുകൂല്യങ്ങളും കൊടുത്ത് അവരെ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, ആ സംസ്ഥാനങ്ങൾ കൊടുക്കുന്ന ആനുകൂല്യങ്ങളേക്കാൾ കൂടുതൽ സൗകര്യങ്ങൾ കൊടുത്ത് നിക്ഷേപകരെ കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർക്കാരിന് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽതന്നെ പല സമ്മർദ്ദങ്ങളും ഉണ്ടാകാറുണ്ട്. ഇപ്പോൾതന്നെ Smart City-യുടെ കാര്യത്തിൽ അവർക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് ചർച്ചതന്നെ ആരംഭിച്ചിരിക്കുകയാണ്. അതെല്ലാം നമുക്ക് ദോഷമായി ഭവിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ് സർക്കാരിന്റെ പക്ഷം.

ശ്രീ. ബിനോയ് വിശ്വം: നിക്ഷേപകരുടെ വരവും അനുകൂലമായ അന്തരീക്ഷവുമുണ്ടാകണമെന്നുണ്ടെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ ഘടകമുണ്ട്. അത് political stability ആണ്— രാഷ്ട്രീയ സ്ഥിരത. അടിക്കടിയുണ്ടാകുന്ന ഭരണത്തിലെ പ്രതിസന്ധി, മുഖ്യമന്ത്രിമാരുടെ മാറ്റം, മന്ത്രിമാരെ ഇളക്കി പ്രതിഷ്ഠിക്കൽ , ഭരണതലങ്ങളിലെ കുഴപ്പങ്ങൾ, തമ്മിലടി, ആഭ്യന്തര വഴക്ക് ഇതെല്ലാംകൂടി ചേരുമ്പോൾ ഭരണതലത്തിലുണ്ടാകുന്ന ഏറ്റവും രൂക്ഷമായ instability ഇതെല്ലാം നിക്ഷേപകർ കേരളത്തിലേക്ക് വരുന്നതിൽനിന്നും അവരെ പുറകോട്ടുപിടിച്ച് വലിക്കുന്ന സ്ഥിതിവിശേഷം ഉളവാക്കിയിരിക്കുകയാണ്. കോവളം കൊട്ടാരത്തിന്റെ കാര്യം മാത്രമല്ല; കേരളത്തിലാകെ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തടസ്സം ഭരണവൃന്ദങ്ങളിലെ തടസ്സമാണ്. ശ്രീ. ബാബു ദിവാകരനും കൂട്ടരുമടക്കം കാണിക്കുന്ന തമ്മിലടിയും മറ്റുമെല്ലാം കൂടി ചേരുമ്പോൾ അത് കാണുന്ന ഒറ്റ നിക്ഷേപകരും കേരളത്തിലേക്ക് വരില്ല. അതുകൊണ്ട് ഈ instability-ക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ എന്നുള്ള കാര്യത്തിലാണ് വ്യക്തത വേണ്ടത്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: രാഷ്ട്രീയ അസ്ഥിരതമൂലം ഒരു വ്യവസായവും ഇവിടെ വരാതിരുന്നിട്ടില്ല. അങ്ങനെ ഒരു പ്രശ്നവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതു സംബന്ധിച്ച് എനിക്ക് ഒരു കാര്യം പറയാനുണ്ട്. GIM വഴി കേരളത്തിലെ വ്യവസായ വികസനത്തിന് മൂലധന നിക്ഷേപത്തിന് ഏറ്റവും പ്രയോജനകരമായ ഒരു അന്തരീക്ഷമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പൂർത്തിയായ പ്രോജക്ടുകൾ, പണി നടന്നുവരുന്ന പ്രോജക്ടുകൾ, വരുമെന്ന് ഉറപ്പായ പ്രോജക്ടുകൾ എന്നിവയുടെ വിശദാംശങ്ങളാണ് മന്ത്രി ഇവിടെ പറഞ്ഞത്. ജിം ഉണ്ടാക്കിയ നിക്ഷേപ അനുകൂല സാഹചര്യങ്ങളെത്തുടർന്ന് കഴിഞ്ഞ രണ്ടുവർഷത്തെ ശ്രമഫലമായി 49,000 കോടി രൂപയുടെ വിവിധ പ്രോജക്ടുകളാണ് വിവിധ ലിസ്റ്റുകളിലുള്ളത്. ഈ പ്രവർത്തനങ്ങളിൽ 30,000 കോടി രൂപയുടെ investment എങ്കിലും ഈ ഒരു വർഷംകൊണ്ട് കേരളത്തിൽ വരുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ചോദ്യം നമ്പർ 91.

ബസ് ചാർജ് വർദ്ധന

*2 [91] ശ്രീ. പിരപ്പൻകോട് മുരളി:
" എ. സി. മൊയ്തീൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ ടി. സി. ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസുകളുടെ നിലവിലുള്ള യാത്രാനിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ ടി. സി. എത്ര തവണ ബസ്ചാർജ് വർദ്ധന വരുത്തുകയുണ്ടായി;

(സി) ചാർജ് വർദ്ധനവുകൾവഴി കെ. എസ്. ആർ ടി. സി. യുടെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) കെ. എസ്. ആർ ടി. സി.-യുടെ ബസ് സർവീസ് വഴിയുള്ള വരുമാനവും ചെലവും സംബന്ധിച്ച് ഏറ്റവും ഒടുവിൽ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ,

(എ) കഴിഞ്ഞ പ്രാവശ്യം നിരക്ക് വർദ്ധിപ്പിച്ചപ്പോൾ ഓർഡിനറി ബസുകൾക്ക് മാത്രമാണ് വർദ്ധിപ്പിച്ചത്. മറ്റു ബസുകൾക്ക് നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) ഓർഡിനറി ബസുകൾക്ക് രണ്ടുപ്രാവശ്യവും മറ്റു ബസുകൾക്ക് ഒരു പ്രാവശ്യവും ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) 2005 ജനുവരിമാസം 69.12 കോടി രൂപ വരവും 77.70 കോടി രൂപ ചെലവുമാണ്.

ശ്രീ. പിരപ്പൻകോട് മുരളി: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ചെറിയ ഒരു നിരാശ ഉള്ളതായി തോന്നുന്നു. കഴിഞ്ഞ തവണ ഓർഡിനറി ബസുകൾക്കേ ചാർജ് കൂട്ടിയുള്ളുവെന്ന് പറഞ്ഞു. മറ്റൊരു കാര്യം രണ്ടുപ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly